# പശ്ചിമഘട്ട ഉന്നതതലസമിതി (HLWG) റിപ്പോർട്ടിന്റെ അവലോകനം



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

**തിരുവനന്തപുരം**

# പശ്ചിമഘട്ട ഉന്നതതലസമിതി (HLWG) റിപ്പോർട്ടിന്റെ അവലോകനം

## പശ്ചിമഘട്ടത്തിന്റെ വിന്യാസം- HLWG

പശ്ചിമഘട്ടം ഭാരതത്തിലെ 6 സംസ്ഥാനങ്ങളിലായി ഏകദേശം 1500 കിലോമീറ്റർ നീളത്തിലും 1,64,280 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുമായി വ്യാപിച്ചു കിടക്കുന്ന വിവിധ തട്ടുകളായുള്ള മലനിരകളാണ്. ഈ പശ്ചിമഘട്ടത്തിന്റെ 60% മനുഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ എന്നിവയുൾപ്പെടുന്ന സാംസ്കാരിക ഭൂപ്രദേശങ്ങളായി (Cultural Landscape) കണക്കാക്കിയിരിക്കുന്നു. ബാക്കി പ്രകൃത്യായുള്ള ഭൂപ്രദേശങ്ങളായി (Natural Landscape) വർഗീകരിച്ചിരിക്കുന്നു. ഇതിൽ 37% ഏറെ ജൈവ സമ്പുഷ്ടമാണ്. ഏകദേശം 60,000 ചതുരശ്രകിലോമീറ്ററായി വ്യാപിച്ചിരിക്കുന്ന ഈ ഭാഗം ജനസാന്ദ്രത കുറവുള്ളതും, വിഘാതങ്ങളില്ലാതെ തുടർച്ചയായി കാണപ്പെടുന്നതും, സംരക്ഷിത കേന്ദ്രങ്ങൾ, വന്യജീവി ഇടനാഴികൾ, ലോക പൈതൃകകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാണ്. പാരിസ്ഥിതികമൃദുല പ്രദേശങ്ങളായി ഈ സ്ഥലങ്ങളെ നോട്ടിഫൈ ചെയ്യാൻ HLWG ശുപാർശചെയ്യുന്നു.

## പശ്ചിമഘട്ട ഉന്നതതല കമ്മിറ്റിയുടെ പൊതുവായ കാഴ്ചപ്പാട്

പരിസ്ഥിതിയെ നശിപ്പിക്കുന്നതും പാരിസ്ഥിതികമായി വലിയ ആഘാതമുണ്ടാക്കുന്നതുമായ പ്രവർത്തനങ്ങൾ വേണ്ടെന്നു വയ്ക്കണമെന്നും, അതേസമയം തദ്ദേശീയ സമൂഹത്തിന്റെ ജീവസന്ധാരണത്തിനും സാമ്പത്തിക ഉന്നമനത്തിനും സഹായകരമായ പരിസ്ഥിതി സൗഹൃദ വികസനത്തിനു വേണ്ട സാമ്പത്തിക ആനുകൂല്യങ്ങളും മറ്റും നൽകി പ്രോൽസാഹിപ്പിക്കണമെന്നുമാണ് കമ്മിറ്റിയുടെ പൊതുവായ കാഴ്ചപ്പാട്.

ഇടുക്കിയിലും, വയനാട്ടിലും കാപ്പി, ഏലം തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്ന കർഷകരോട് സൗഹൃദപരമായ നിലപാടാണ് സമിതി സ്വീകരിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളിൽ മനുഷ്യനും പ്രകൃതിയും തമ്മിൽ ഒരു പൊരുത്തം ഉണ്ടാകണമെന്നു കമ്മിറ്റി വിഭാവനം ചെയ്യുന്നു. പശ്ചിമഘട്ടപ്രദേശത്ത് സുസ്ഥിരവും തത്തുല്യവുമായ ഹരിത മുന്നേറ്റമുണ്ടാകാൻ തക്ക നയങ്ങൾ പ്രോൽസാഹിപ്പിക്കണം. ഇതിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ഊർജ്ജസ്വലമായ ഒരു സാമ്പത്തിക മുന്നേറ്റവുമുണ്ടാക്കാനാവും.



കേരളം
സാംസ്കാരിക ഭൂപ്രദേശങ്ങളും (Cultural Landscapes)
പ്രകൃത്യായുള്ള ഭൂപ്രദേശങ്ങളും (Natural Landscape)
75°34'0"E
76°56'0"E
12°0'0"N
9°0'0"N
N
S
E
W
0
40
80
KM
ARABIAN SEA
ദേശീയ അതിർത്തി
സംസ്ഥാന അതിർത്തി
താലൂക്ക് അതിർത്തി
പ്രകൃത്യാ
സാംസ്കാരികം
ജലം

## കമ്മിറ്റിയുടെ ശുപാർശകൾ

പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പാക്കാൻ വേണ്ട പിന്തുണയും മേൽനോട്ടവും നിർവഹിക്കാൻ ഒരു സെന്റർ ആരംഭിക്കുക. വളരെ സമ്പുഷ്ടമായ സസ്യജന്തുവൈവിധ്യം, ജലസ്രോതസ്സുകൾ, ഭൗമശാസ്ത്രപരവും ഘടനാപരവുമായ സ്വഭാവവിശേഷങ്ങൾ, കാലാവസ്ഥയിലുള്ള അന്തരങ്ങൾ എന്നിവയ്ക്കൊപ്പം മനുഷ്യരുടെ ഇടപെടൽ കൂടിയാകുമ്പോൾ പശ്ചിമഘട്ടം വളരെ സങ്കീർണമായ ഒരു ആവാസവ്യവസ്ഥയായി മാറുന്നു. പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി റിപ്പോർട്ടും, പശ്ചിമഘട്ട ഉന്നതതല സമിതി റിപ്പോർട്ടും, ഈ പ്രദേശത്തെ സംരക്ഷണ പ്രവർത്തനങ്ങളും, അവിടുത്തെ പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ ജീവസന്ധാരണ മാർഗ്ഗങ്ങളും പരിപോഷിപ്പിക്കുന്നതിനും അത് ഭാവിതലമുറയിലേക്ക് കൈമാറുന്നതിനുമുള്ള ഒരു നല്ല തുടക്കമായിരിക്കുമെന്നു HLWG വിഭാവനം ചെയ്യുന്നു.

## പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ (ESA) അതിർത്തി നിർണയിക്കൽ

ആറ് സംസ്ഥാനങ്ങളിലും 188 താലൂക്കുകളിലുമായി 1,64,280 ചതുരശ്രകിലോമീറ്ററിലായി 8°0' - 22°26' N & 72°55' – 78°11' E നും ഇടയിൽ വടക്ക് താപ്തീനദി മുതൽ തെക്ക് കന്യാകുമാരി വരെ 1500 കിലോമീറ്റർ നീളത്തിൽ സമുദ്രനിരപ്പിൽ നിന്ന് 2674 മീറ്റർ വരെ ഉയരത്തിൽ വിന്യസിച്ചിരിക്കുന്നതാണു പശ്ചിമഘട്ടം. പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കാൻ വില്ലേജുകളെയാണ് യൂണിറ്റുകളായി HLWG നിർണയിച്ചിരിക്കുന്നത്.

1. IRS LISS III ഉപയോഗിച്ചു തയ്യാറാക്കിയ, സസ്യജാലങ്ങളുടെ സ്വഭാവവും പ്രകൃതിയുടെ കിടപ്പും സൂചിപ്പിക്കുന്ന ലെയറുകളാണ് (Spatial Resolution 24 m) പരിസ്ഥിതി മൃദുല പ്രദേശങ്ങൾ തിരിച്ചറിയാൻ ഉപയോഗിച്ചത്.
2. പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടാത്തതും മനുഷ്യർ താമസിക്കുന്നതുമായ സാംസ്കാരിക ഭൂപ്രദേശങ്ങളുടെയും (Cultural Landscape) അതിർത്തി നിർണയിച്ചിട്ടുണ്ട്.
3. പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ ഭൂപടം പൊതുജനങ്ങൾക്കു പ്രാപ്യമാകുംവിധം കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം സുതാര്യമായി പ്രദർശിപ്പിക്കണമെന്ന് HLWG ആവശ്യപ്പെടുന്നു.

## പശ്ചിമഘട്ട അതിർത്തി - HLWG




**ചിത്രം: പശ്ചിമഘട്ടം**

(Area in km2)

| State | Total Geographic Area of State | Western Ghats Taluka Area | No. of Villages | Natural Landscape | Cultural Landscape | PA + WHS | Village Sharpened ESA | ESA to WG Taluka |
|---|---|---|---|---|---|---|---|---|
| Goa | 3,702 | 1,749 | 99 | 1,558 | 191 | 655 | 1,461 | 83.57% |
| Gujarat | 1,96,024 | 5,977 | 64 | 2,553 | 3,423 | 64 | 449 | 7.52% |
| Karnataka | 1,91,791 | 44,448 | 1,576 | 21,529 | 22,919 | 5,660 | 20,668 | 46.50% |
| **Kerala** | **38,863** | **29,691** | **123** | **12,477** | **17,214** | **4,913** | **13,108** | **44.15%** |
| Maharashtra | 3,07,713 | 55,345 | 2,159 | 21,185 | 34,161 | 2,242 | 17,340 | 31.33% |
| Tamil Nadu | 1,30,058 | 27,069 | 135 | 8,947 | 18,122 | 3,369 | 6,914 | 25.54% |
| Grand Total | 8,68,151 | 1,64,280 | 4,156 | 68,249 | 96,031 | 16,902 | 59,940 | 36.49% |

## പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച നിയന്ത്രണം

4. പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഒരു നിരോധന നിയന്ത്രണ സംവിധാനത്തിനു രൂപം നൽകുക. പരിസ്ഥിതി ആഘാതം നിർണയിക്കുന്ന ഏജൻസിയുടെ (Environmental Impact Assessment Agency) സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രമേ ഈ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് ക്ലിയറൻസ് നൽകാൻ പാടുള്ളൂ.

5. പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഖനനം, പാറഖനനം, മണൽവാരൽ എന്നിവ നിരോധിക്കണം. ഇപ്പോൾ ഖനനം നടക്കുന്ന പ്രദേശങ്ങളിൽ അടുത്ത 5 വർഷത്തിനുള്ളിലോ, ഖനന പാട്ടകാലാവധി കഴിയുമ്പോഴോ ഏതാണു മുമ്പേ വരുന്നത് ആ സമയത്ത് ഖനന പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക.

6. പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ താപ വൈദ്യുത പദ്ധതികൾ അനുവദനീയമല്ല. താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രം ജലവൈദ്യുത പദ്ധതികൾ അനുവദിക്കാം.

   - പദ്ധതി നടപ്പാക്കുന്ന നദിയിൽ വെള്ളം കുറവുള്ള സീസണുകളിൽ 30 ശതമാനമെങ്കിലും ജലനിരപ്പുണ്ടായിരിക്കണം
   - നദിയിലെ ഒഴുക്കിന്റെ സ്വഭാവത്തെയും വനനശീകരണത്തേയും ജൈവവൈവിധ്യ നഷ്ടത്തേയും സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്.
   - രണ്ടു ജലവൈദ്യുത പദ്ധതികൾ തമ്മിൽ 3 കിലോമീറ്ററെങ്കിലും ദൂരം പാലിച്ചും നദീതടത്തിന്റെ 50 ശതമാനത്തിലേറെ പ്രദേശത്തെ ബാധിക്കാത്ത വിധത്തിലും ഇതു നടപ്പാക്കണം.

7. പരിസ്ഥിതി ആഘാതം സംബന്ധിച്ച നോട്ടിഫിക്കേഷനിൽ കാറ്റിൽനിന്നുള്ള ഊർജ്ജോത്പ്പാദനവും ഉൾപ്പെടുത്തണം.

8. റെഡ് കാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങളൊക്കെ നിരോധിക്കണം.

9. 20,000 ചതുരശ്ര മീറ്ററിലേറെ വ്യാപ്തിയുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കരുത്. പുതിയ ടൗൺഷിപ്പുകളും പ്രദേശ വികസന പദ്ധതികളും നിരോധിക്കണം.

10. മറ്റ് എല്ലാ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പ്രോജക്ടുകളും "EIA നോട്ടിഫിക്കേഷൻ 2006, കാറ്റഗറി എ" പ്രോജക്ടുകൾ അനുശാസിക്കും വിധമുള്ള പരിസ്ഥിതി ക്ലിയറൻസ് നേടിയിരിക്കണം.

11. പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വനമേഖലയെ മാറ്റങ്ങളിൽ നിന്ന് പ്രതിരോധിക്കണം. ഇതു സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും സംസ്ഥാനങ്ങളും വെബ്സൈറ്റുകളിലും മറ്റും പൊതുജനങ്ങൾക്ക് പ്രാപ്യമാവും വിധം പ്രദർശിപ്പിക്കേണ്ടതാണ്.

12. പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്ക് 10 കിലോമീറ്റർ പരിധിയിൽ വരുന്ന പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ എല്ലാ വികസന പദ്ധതികളും EIA നോട്ടിഫിക്കേഷൻ 2006 ന് വിധേയമായിരിക്കും

13. ഈ പ്രദേശങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ റെഗുലേറ്ററി സംവിധാനത്തിനൊപ്പം പ്രാദേശികസമൂഹത്തിന്റെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തുക.

14. ഇപ്പോഴത്തെ റെഗുലേറ്ററി സ്ഥാപനങ്ങളും, പരിസ്ഥിതി വനം ക്ലിയറൻസ് സംവിധാനവും, പദ്ധതികളുടെ മേൽനോട്ടവും ശക്തിപ്പെടുത്തണം.

15. പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ പദ്ധതികൾക്കെല്ലാം ഗ്രാമസഭയുടെ മുൻകൂട്ടിയുള്ള അനുമതിയും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നേടിയിരിക്കണം. വനാവകാശ ചട്ടവും കർശനമായി നടപ്പാക്കണം.

16. പ്രാദേശികസമൂഹവുമായി ചർച്ചചെയ്താവണം സംസ്ഥാന ഗവൺമെന്റുകൾ വന്യജീവി ഇടനാഴികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

17. പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസന സംവിധാനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റുകൾ രൂപം നൽകണം.

- പരിസ്ഥിതിസൗഹൃദ വികസനത്തിന് ധനസഹായം നൽകണം.
- പരിസ്ഥിതിസൗഹൃദ വികസനം പ്രോൽസാഹിപ്പിക്കണം.

18. പശ്ചിമഘട്ട പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹൃദ വികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾക്കു ധനസഹായം നൽകാനുള്ള നയങ്ങളുണ്ടാക്കണം.

19. കേന്ദ്ര ഗവൺമെന്റിൽ നിന്നും മേൽ പറഞ്ഞതുമായി ബന്ധപ്പെട്ട് ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നതു സംബന്ധിച്ച് ചർച്ചകൾ നടത്താൻ പശ്ചിമഘട്ടം ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ ഒത്തുചേരണം. പ്രാദേശികമായുള്ള കൂട്ടായ പദ്ധതികൾ, സംരക്ഷണ പദ്ധതികൾ, സുസ്ഥിര ജീവസന്ധാരണ പദ്ധതികൾ എന്നിവയ്ക്ക് ധനസഹായം നൽകാൻ ഒരു പ്രാദേശിക സംരക്ഷണ ഫണ്ടിനു രൂപം കൊടുക്കണം.

20. പരിസ്ഥിതി മൃദുല പ്രദേശങ്ങളിലും, പശ്ചിമഘട്ട പ്രദേശങ്ങളിലുൾപ്പെടുന്ന പരിസ്ഥിതി മൃദുലമല്ലാത്തയിടങ്ങളിലുമുള്ള പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രതിഫലം നൽകണം.

21. പശ്ചിമഘട്ടത്തിലെ വികസന പദ്ധതികൾ ഉറപ്പാക്കാൻ ഇവ സാമ്പത്തിക ആസൂത്രണത്തിലെ കൺകറന്റ് ലിസ്റ്റിൽ (എൻട്രി 20 വിപുലപ്പെടുത്തി പുതുതായി 20 A കൂടി) ഉൾപ്പെടുത്തുക.

22. പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ നിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനവും പരിസ്ഥിതി സൗഹൃദ വികസനവും ഉറപ്പു വരുത്താൻ പ്ലാനിങ്ങ് കമ്മിഷൻ ഒരു പ്രത്യേക പശ്ചിമഘട്ട സുസ്ഥിര വികസന ഫണ്ട് ഉണ്ടാക്കണം.

23. പാരിസ്ഥിതിക സേവനങ്ങൾക്കു പ്രതിഫലം നൽകുക.

24. അവ ചെയ്യുന്ന പാരിസ്ഥിതികമായ സേവനങ്ങൾക്കു പകരമായി പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കു കൂടുതൽ ഫണ്ട് ലഭ്യമാക്കണം.

25. 12 – ാം പദ്ധതിയിൽ പശ്ചിമഘട്ട വികസന പദ്ധതിക്കായി

- ആയിരം കോടി രൂപ വകയിരുത്തുക
- പദ്ധതി ചെലവ് കേന്ദ്രവും സംസ്ഥാനവും 90:10 എന്ന അനുപാതത്തിൽ പങ്കു വയ്ക്കുക.
- പശ്ചിമഘട്ടത്തിന്റെ സ്ഥിതി വിലയിരുത്തുന്നതിനും പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും 6 സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ഉൾപ്പെടുന്ന ഒരു ഉന്നതതല കമ്മിറ്റിക്കു രൂപം നൽകുക.
- സംസ്ഥാനത്ത് പശ്ചിമഘട്ട സെൽ ഉണ്ടാക്കുകയും അതു ശക്തിപ്പെടുത്തുകയും ചെയ്യുക.

26. വനപ്രദേശങ്ങളിലെ വികസനത്തിന് ഒരു വനപരിപാലന സംവിധാനവും ബന്ധപ്പെട്ട കൂടുതൽ നയങ്ങളും രൂപീകരിക്കുക.

27. സ്വകാര്യ ഭൂമികളിലെ വനവൽക്കരണം പ്രോൽസാഹിപ്പിക്കുക.

28. സുസ്ഥിരകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി പശ്ചിമഘട്ട മേഖലയിലെ കർഷകർക്ക് സാമ്പത്തിക സഹായം നൽകുക. ജൈവകൃഷി പ്രോൽസാഹിപ്പിക്കുകയും ജൈവോൽപ്പന്നങ്ങളെ ബ്രാന്റ് ചെയ്ത് രാജ്യാന്തര വിപണിയിലെത്തിച്ച് നല്ല വിലയ്ക്ക് വിറ്റഴിക്കുകയും ചെയ്യുക.

29. സുസ്ഥിരമായ വിനോദസഞ്ചാരം - ടൂറിസം പദ്ധതികൾ പരിസ്ഥിതി ആഘാത പഠനത്തിനു വിധേയമാക്കുക, പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വിനോദസഞ്ചാര വികസനം പ്രാദേശിക സമൂഹത്തിന്റെ ഉടമസ്ഥതയിലാക്കുകയും അതിൽ നിന്നുണ്ടാകുന്ന നേട്ടങ്ങൾ അവർക്കു ലഭ്യമാക്കുകയും ചെയ്യുക. പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ ടൂറിസം തീവ്ര മേഖലകളെ (Tourism Hot Spots) നിരീക്ഷണത്തിനു വിധേയമാക്കുക.

30. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾക്കു പിന്തുണ നൽകാനും മേൽനോട്ടത്തിനുമായി മോണിറ്ററിംഗ് സെന്ററിന്റെ രൂപവൽക്കരണം.

31. ജിയോസ്പേഷ്യൽ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും സുസ്ഥിര വികസനത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാനായി ഒരു സെന്റർ ഉണ്ടാക്കുക.

   a. പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ച നടത്തി അതിന്റെ സാംഗത്യം ഉറപ്പാക്കുംവിധമുള്ള ഒരു മോണിറ്ററിംഗ് സെന്ററാണ് വേണ്ടത്.
   b. പ്രദേശത്തെ പാരിസ്ഥിതിക വ്യവസ്ഥയെ നിർണയിക്കുക.
   c. പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്കുള്ള സംരക്ഷണ തന്ത്രങ്ങൾ രൂപം നൽകി നടപ്പാക്കുക.

32. പരിസ്ഥിതി മൃദുല പ്രദേശങ്ങളെ തിരിച്ചറിയുന്നതിനു സ്വീകരിച്ച സമീപനം ഇവിടത്തെ മറ്റു സ്ഥലങ്ങളിലും രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളിലും അനുകരിക്കാൻ പറ്റിയ ഒരു മാതൃകയായിരിക്കും.

**നിലവിലുള്ള നിയന്ത്രണ സംവിധാനങ്ങളുടെ ശാക്തീകരണം**

- സംസ്ഥാനങ്ങളിലെ ആസൂത്രണ/ ഗ്രാമീണ വികസന വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള പശ്ചിമഘട്ട സെല്ലുകൾ ശാക്തീകരിക്കുകയും (രൂപീകരിക്കുകയും); സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (SPCB), വനംവകുപ്പ്, സംസ്ഥാനതല പാരിസ്ഥിതികാഘാത നിർണയ അതോറിറ്റി, ജൈവവൈവിധ്യ ബോർഡ് എന്നിവയുമായി സംയോജിച്ച് പ്രവർത്തിക്കുംവിധം അവയെ പുന:സംവിധാനം നടത്തുകയുംചെയ്യുക.

- ഇതു സംബന്ധിച്ച തീരുമാനങ്ങളിൽ പ്രാദേശിക സമൂഹത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുക. ഇപ്പോഴുള്ള നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

    1. SPCB - ഉദ്യോഗസ്ഥർക്ക് സ്ഥിരമായ ഇൻസർവീസ് പരിശീലനം നടത്തുക. സുതാര്യവും ഉത്തരവാദിത്തം നൽകുന്നതുമായ ഒരു മാനേജ്മെന്റ് സംവിധാനത്തിന്റെ രൂപീകരണം ഉറപ്പാക്കുക.
    2. സംസ്ഥാന വനംവകുപ്പുകൾ - പ്രാദേശിക സമൂഹത്തെ ജൈവവൈവിധ്യം, പാരിസ്ഥിതിക സേവനങ്ങൾ, പ്രാദേശിക ജൈവസമ്പത്ത് എന്നിവയെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുക.
    3. സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ - പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന സമിതികൾ (പ്രത്യേകിച്ച് ജൈവവൈവിധ്യ സമ്പുഷ്ടമായ പ്രദേശങ്ങളിൽ) രൂപീകരിക്കുക. (കേരളം ഇതിനകം എല്ലാ പഞ്ചായത്തുകളിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്.).

- ഈ സമിതികൾ പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ഡോക്കുമെന്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകളുടെ രൂപീകരണത്തിലൂടെ ഉറപ്പാക്കണം. ഇതിൽ പ്രാദേശിക ജൈവവൈവിധ്യം, ജൈവസമ്പത്ത്, പരമ്പരാഗത അറിവുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. (കേരളത്തിൽ 60 ശതമാനം പഞ്ചായത്തുകളിൽ രജിസ്റ്റർ പൂർത്തിയായിട്ടുണ്ട്).

- പ്രാദേശിക ജൈവവൈവിധ്യം, പരിസ്ഥിതി എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ മുഖ്യചാലകശക്തിയായി ജൈവവൈവിധ്യ പരിപാലന സമിതികൾ വർത്തിക്കണം. സംസ്ഥാന ഗവൺമെന്റുകൾ, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്കും ജൈവവൈവിധ്യ പരിപാലന സമിതികൾക്കും വേണ്ട ഫണ്ട് ലഭ്യമാക്കണം (കേന്ദ്ര ഗവൺമെന്റ് 2002, 2004 വർഷങ്ങളിൽ ജൈവവൈവിധ്യ ചട്ടവും നിയമവും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജൈവവൈവിധ്യ നിയമം 2008-ൽ നിലവിൽ വന്നു).

- കേന്ദ്രത്തിലും സംസ്ഥാനത്തിലുമുള്ള പരിസ്ഥിതി, വനം ക്ലിയറൻസ് ലഭ്യമാക്കുന്ന സംവിധാനം ശാക്തീകരിക്കുകയും എല്ലാ പ്രോജക്ടുകളും സംബന്ധിച്ച പരിശോധനകളും ജനകീയ വിലയിരുത്തലുകളും കൂടുതൽ ആഴത്തിലാക്കുകയും ചെയ്യുക.

  (ഇപ്പോൾത്തന്നെ SEIAA, SEAC എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.)

- കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, സംസ്ഥാന ഗവൺമെന്റുകൾക്ക് പരിസ്ഥിതിമൃദുല പ്രദേശങ്ങളിൽ പരമാവധി ജനാഭിപ്രായം സ്വരൂപിച്ച് സോണൽ പ്ലാനുകൾക്ക് രൂപം നൽകാൻ വേണ്ട നിർദ്ദേശം കൊടുക്കുക.

- പരിസ്ഥിതിമൃദുല പ്രദേശങ്ങളുടെ മാപ്പിങ്ങ് പൊതുജനമധ്യത്തിൽ പ്രദർശിപ്പിക്കുകയും അതിലൂടെ സോണൽ പ്ലാനുകൾ ജനങ്ങളെയും പരിസ്ഥിതിയെയും കണക്കിലെടുത്ത് സമഗ്രമായി രൂപീകരിക്കപ്പെടുമെന്ന് ഉറപ്പാക്കുകയും ചെയ്യുക.
- പ്രാദേശിക സമൂഹത്തിന്റെ ഉപജീവനത്തെയും ദരിദ്ര ജനവിഭാഗങ്ങളുടെ ആവശ്യങ്ങളെയും കണക്കിലെടുത്തുകൊണ്ടാവണം പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ മാപ്പിങ്ങ്.
- ഓരോ വർഷവും പരിസ്ഥിതിമൃദുല പ്രദേശങ്ങളിലുണ്ടാവുന്ന മാറ്റങ്ങൾ തിട്ടപ്പെടുത്തി റിപ്പോർട്ടാക്കി പൊതുജനമധ്യത്തിൽ അവതരിപ്പിക്കേണ്ടതാണ്.
- പശ്ചിമഘട്ട പ്രദേശങ്ങളിലെ ആവാസവ്യവസ്ഥകളുടെ അവസ്ഥ തിട്ടപ്പെടുത്താനുള്ള ഒരു സംവിധാനത്തിന്റെ രൂപീകരണം (Decision support monitoring centre) പ്രാബല്യത്തിൽ വരുത്തണം
- പരിസ്ഥിതിമൃദുല പ്രദേശങ്ങളിലെ ഗ്രാമങ്ങളുടെ പ്രാതിനിധ്യത്തോടെയാവും ഭാവി പ്രോജക്ടുകൾ നടപ്പാക്കുക. എല്ലാ പ്രോജക്ടുകൾക്കും വില്ലേജിലെ ഗ്രാമസഭയുടെ/ ജൈവവൈവിധ്യ പരിപാലന സമിതിയുടെ മുൻകൂട്ടിയുള്ള അനുമതിയും എൻ.ഒ.സി.യും വേണം.

**പശ്ചിമഘട്ടവും കാലാവസ്ഥാ മാറ്റവും**

കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി പശ്ചിമഘട്ട പ്രദേശങ്ങൾ വർദ്ധിച്ച താപമേഖലകൾ, മഴയുടെ ലഭ്യതയിലുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയവ അഭിമുഖീകരിക്കുന്നുണ്ട്. മഴയിൽ കാര്യമായ കുറവുമുണ്ടാകുന്നു. ഇതു പശ്ചിമഘട്ടത്തിലെ ആവാസവ്യവസ്ഥയെ വളരെ ദോഷകരമായി ബാധിക്കാനിടയുണ്ട്. ഈർപ്പം കൂടിയ പ്രദേശങ്ങൾ കുറയുകയും വരൾച്ചയുടെ ഫലമായി ആവാസവ്യവസ്ഥയിലുണ്ടാകുന്ന പ്രതികൂല മാറ്റങ്ങൾ അധികരിക്കുകയും ചെയ്യും. മുമ്പ് സൂചിപ്പിച്ച സപ്പോർട്ട് ആന്റ് മോണിറ്ററിങ്ങ് സെന്റർ, ആ പ്രദേശത്തെ താപനിലയിലുണ്ടാകുന്ന ഏറ്റം, മഴയിലുണ്ടാകുന്ന കുറവ്, മറ്റ് ദോഷകരമായ കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവ സംബന്ധിച്ച് പഠനങ്ങൾ നടത്തണം. മേൽപറഞ്ഞ പ്രശ്നങ്ങൾ, വനങ്ങളിലെ കഠിനമായ ജലദൗർലഭ്യം, കാട്ടുതീ, മണ്ണൊലിപ്പ് തുടങ്ങിയവ പശ്ചിമഘട്ട ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നു.

ഇവ തരണം ചെയ്യുന്നതിനുള്ള ചില തന്ത്രങ്ങളാണ് -

1. വിവിധ സസ്യയിനങ്ങൾ, വൃക്ഷവിളകളെന്നിവ സംയുക്തമായി വളർത്തുന്ന തോട്ടങ്ങൾ പ്രോൽസാഹിപ്പിക്കുക.
2. അധിക താപത്തേയും വരൾച്ചയേയും പ്രതിരോധിക്കുന്ന സസ്യയിനങ്ങൾ നട്ടു വളർത്തുക.
3. സംരക്ഷണ കേന്ദ്രങ്ങളേയും തുണ്ടുവനങ്ങളേയും ബന്ധിപ്പിക്കും വിധം ആൾറ്റിറ്റ്യൂഡ്, ലാറ്റിറ്റ്യൂഡ് ഗ്രേഡിയന്റുകളിൽ തോട്ടങ്ങൾ വിഭാവനം ചെയ്യുക.

പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട നയങ്ങൾ രൂപികരിക്കുമ്പോൾ തീപിടിത്തം സംബന്ധിച്ച് മുന്നറിയിപ്പു നൽകുന്ന സംവിധാനങ്ങൾക്കു രൂപം നൽകണം.

**ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി**

പദ്ധതി സംബന്ധിച്ച പുനർമൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ജല ആവാസവ്യവസ്ഥകളുടെ നിലനിൽപ്പും ജീവസന്ധാരണവും സംബന്ധിച്ച പഠനം (Ecological Flow), പ്രാദേശിക ജൈവവൈവിധ്യ ശോഷണ പഠനം എന്നിവ നടത്തിയശേഷം, കേരള ഗവൺമെന്റിനു താൽപ്പര്യമുണ്ടെങ്കിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിനു സമർപ്പിക്കണം.

**പ്രവർത്തന പദ്ധതി**

പശ്ചിമഘട്ട ഉന്നതതല സമിതിയുടെ (HLWG) ശുപാർശപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി മൃദുല പ്രദേശങ്ങൾ നോട്ടിഫൈ ചെയ്യേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച മറ്റു നോട്ടിഫിക്കേഷനുകളും നിയന്ത്രണങ്ങളും പൊതുജനങ്ങളെ കഴിയുന്നത്ര പെട്ടെന്ന് അറിയിക്കണം.

ഈ ശുപാർശകൾ 6 സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിന്റെ നോഡൽ മിനിസ്ട്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമായിരിക്കണം.

വനം പരിസ്ഥിതി മന്ത്രാലയം, പ്ലാനിംഗ് കമ്മിഷൻ, ധനകാര്യ മന്ത്രാലയമെന്നിവ സംരക്ഷണം സംബന്ധിച്ച ശുപാർശകൾ നടപ്പാക്കാൻ വേണ്ട ഫണ്ടും ധനസഹായവും ലഭ്യമാക്കാൻതക്ക സാമ്പത്തിക സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.ഇതു സംബന്ധിച്ച് സംസ്ഥാനങ്ങൾക്കു വേണ്ട ഫണ്ട് ലഭ്യമാക്കാൻ 14 – ാം ധനകാര്യ കമ്മിഷനെ പ്രേരിപ്പിക്കണം.

**പശ്ചിമഘട്ട ഉന്നതതലസമിതിയുടെ (HLWG) കാഴ്ചപ്പാട്**

പ്ലാനിംഗ് കമ്മീഷന്റെ പശ്ചിമഘട്ട വികസന പദ്ധതി, ഹിൽ ഡെവലപ്പമെന്റ് പ്രോഗ്രാം, പരമ്പരാഗതമായി അംഗീകരിക്കപ്പെട്ട തപ്തി നദിയ്ക്ക് തെക്ക് വശത്തായുള്ള പശ്ചിമഘട്ടത്തിന്റെ വടക്കെ അതിർത്തി എന്നിവയെ അടിസ്ഥാനമാക്കിയാണ് HLWG പശ്ചിമഘട്ടത്തിലെ താലൂക്കുകളെ നിശ്ചയിച്ചിരിക്കുന്നത്. HLWG പശ്ചിമഘട്ട മൃദുല പ്രദേശങ്ങൾ കണ്ടെത്തുന്നതിന് സമഗ്രമായ ഭൗമശാസ്ത്ര ഉപാധികൾ ഉപയോഗിക്കുകയും 24 മീറ്റർ റസല്യൂഷനിൽ വില്ലേജുകളെ അടിസ്ഥാന യൂണിറ്റ് ആക്കുകയും ചെയ്തു.

പശ്ചിമഘട്ടത്തിന്റെ 60% മനുഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ എന്നിവയുൾപ്പെടുന്ന സാംസ്കാരിക ഭൂപ്രദേശങ്ങളായി (Cultural Landscape) കണക്കാക്കിയിരിക്കുകയും ബാക്കി പ്രകൃത്യായുള്ള ഭൂപ്രദേശങ്ങളായി (Natural Landscape) വർഗീകരിച്ചിരിക്കുന്നു. ഇതിൽ 37% ഏറെ ജൈവ സമ്പുഷ്ടമാണ്. ഏറെ ജൈവസമ്പുഷ്ടമായതും വിഘാതങ്ങളില്ലാതെ തുടർച്ചയായി കാണപ്പെടുന്നതും, കുറഞ്ഞ ജനസാന്ദ്രതയുള്ളതും സംരക്ഷിത വനങ്ങളും ലോക പൈതൃക കേന്ദ്രങ്ങളുമുള്ളതും, ആനകളും കടുവകളും സഞ്ചരിക്കുന്ന വന ഇടനാഴികൾ ഉള്ളതുമായ പശ്ചിമഘട്ടത്തിന്റെ 37%- പ്രദേശത്തെ മാത്ര

മാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളായി HLWG കണ്ടെത്തിയിട്ടുള്ളത്. ഈ പ്രദേശങ്ങളെ പരിസ്ഥിതി മൃദുല പ്രദേശങ്ങളായി നോട്ടിഫൈ ചെയ്യാൻ HLWG ശുപാർശചെയ്യുന്നു.

**പശ്ചിമഘട്ടത്തിന്റെ ഭൂമിശാസ്ത്രപരമായ സൂചനകൾ**

| | WGEEP | HLWG |
|---|---|---|
| ഭൗമ വിന്യാസം | 8°19' 8' - 21° 16' 24' N<br>72° 56' 24' - 78° 19' 40' E | 8°0' – 22°26' N<br>2°55' – 78°11' E |
| ആകെ വിസ്തൃതി | 129037 ചതു. കി. മീ. | 1,64,280 ചതു. കി.മി. |
| അതിരുകൾക്കിടയിലുള്ള ദൈർഘ്യം | 1490 കി. മീ. | 1500 കി.മി. |
| മലനിരകളിലെ ഇടമുറിഞ്ഞ ഭാഗം | പാലക്കാട് ചുരം ~30-40കി.മീ. | |
| കുറഞ്ഞ വീതി | 48 കി. മീ. | 10 കി. മീ. |
| കൂടിയ വീതി | 210 കി. മീ. | 200 കി. മീ. |




**ചിത്രം: പശ്ചിമഘട്ടം അതിർത്തി – WGEEP & HLWG**

# HLWG- പരിസ്ഥിതി മൃദുല  പ്രദേശങ്ങൾ രേഖപ്പെടുത്തൽ

പശ്ചിമഘട്ടത്തെ രണ്ടായി വർഗ്ഗീകരിച്ചിരിക്കുന്നു. 1) പ്രകൃത്യായുള്ള പശ്ചിമഘട്ട ഭൂപ്രദേശങ്ങൾ (40%), 2)സാംസ്കാരിക പശ്ചിമഘട്ട ഭൂപ്രദേശങ്ങൾ (60% - മനുഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ, പ്ലാന്റേഷനുകൾ തുടങ്ങിവ). ഏറെ ജൈവസമ്പുഷ്ടമായവയും, വിഭജിക്കപ്പെടാത്തവയുമായതും, കുറഞ്ഞ ജനസാന്ദ്രതയുള്ളതും, സംരക്ഷിത വനങ്ങളും ലോക പൈതൃക കേന്ദ്രങ്ങളുമുള്ളതും, ആനകളും കടുവകളും സഞ്ചരിക്കുന്ന വനഇടനാഴികൾ ഉള്ള തുമായ പശ്ചിമഘട്ടത്തിന്റെ 37%- ത്തെ മാത്രമാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളായി HLWG കണ്ടെത്തിയിട്ടുള്ളത്.

വില്ലേജുകളെയാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങൾ നിശ്ചിയിക്കുന്നതിനുള്ള യുണിറ്റുകളായി തീരുമാനിച്ചിട്ടുള്ളത്. വില്ലേജിന്റെ ഭൂവിസ്തൃതിയും പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ ഭൂവിസ്തൃ തിയും തമ്മിലുള്ള അനുപാതത്തെ അടിസ്ഥാനമാക്കി വില്ലേജുകളെയാണ് പരിസ്ഥിതി മൃദുല യൂണിറ്റുകളായി (**Ecologically Sensitive Units (ESU)**) നിശ്ചയിച്ചിരിക്കുന്നത്.




**ചിത്രം: പശ്ചിമഘട്ടം - പരിസ്ഥിതി മൃദുല യൂണിറ്റുകൾ**




**ചിത്രം: പശ്ചിമഘട്ടം - പരിസ്ഥിതി മൃദുല യൂണിറ്റുകൾ - താരതമ്യം**

## കേരളത്തിലെ പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ (ESA) വിവരങ്ങൾ

| District | Taluka | Taluka Area(KM2) | ESA | No. of Villages within ESA |
|---|---|---|---|---|
| Ernakulam | Kothamangalam | 316 | | 1 |
| | Kunnathunad | 476 | | |
| | Muvattupuzha | 449 | | |
| Idukki | Devikulam | 1,808 | 1,808 | 12 |
| | Peerumade | 1,310 | 1,146 | 8 |
| | Thodupuzha | 888 | 463 | 4 |
| | Udumbanchola | 1,094 | 1,094 | 23 |
| Kannur | Taliparamba | 1,329 | | |
| | Thalassery | 1,212 | 304 | 3 |
| Kasaragod | Hosdurg | 976 | | |
| Kollam | Kottarakkara | 571 | | |
| | Kunnathur | 143 | | |
| | Pathanapuram | 1,271 | 942 | 8 |
| Kottayam | Kanjirappally | 429 | 51 | 1 |
| | Meenachil | 689 | 106 | 3 |
| Kozhikode | Kozhikode | 1,031 | 234 | 5 |
| | Quilandy | 745 | 170 | 2 |
| | Vadakara | 580 | 112 | 2 |
| Malappuram | Ernad | 816 | | |
| | Nilambur | 1,383 | 1,012 | 10 |
| | Perinthalmanna | 511 | | |
| | Tirur | 418 | | |
| Palakkad | Alathur | 578 | 66 | 1 |
| | Chittur | 1,170 | 648 | 3 |
| | Mannarkad | 1,226 | 857 | 7 |
| | Palakkad | 726 | 272 | 3 |
| Pathanamthitta | Adoor | 336 | | |
| | Kozhenchery | 958 | 616 | 2 |
| | Ranni | 1,097 | 924 | 4 |
| Thiruvananthapuram | Nedumangad | 957 | 457 | 4 |
| | Neyyattinkara | 585 | 165 | 3 |
| Thrissur | Kodungallur | 150 | | |
| | Mukundapuram | 1,326 | 708 | 1 |
| **Wayanad** | Mananthavady | 749 | 364 | 4 |
| | Sulthanbathery | 770 | 301 | 2 |
| | Vythiri | 619 | 287 | 7 |
| | **Total** | **29,693** | **13,108** | **123** |

## HLWG പൊതു ശുപാർശകൾ

പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയന്ത്രണങ്ങൾ ഫലവത്തായി നടപ്പാക്കുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാരുകൾ നിശ്ചിത സംവിധാനങ്ങൾക്ക് രൂപം കൊടുക്കണമെന്ന് HLWG അഭിപ്രായപ്പെടുന്നു. താഴെപ്പറയുന്നവയാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ വികസനങ്ങൾക്കുള്ള പ്രത്യേകമായ വ്യവസ്ഥകൾ

| | | |
|---|---|---|
| 1 | ഖനനം, പാറഖനനം മണൽവാരൽ | സമ്പൂർണ്ണ നിരോധനം |
| 2 | ഊർജ്ജോൽപാദനം | താപവൈദ്യുത പദ്ധതികൾ പാടില്ല. ജലവൈദ്യുത പദ്ധതികൾ, ജലലഭ്യതകുറവുള്ള കാലങ്ങളിൽ 30 ശതമാനത്തിലേറെ ജലനിരപ്പുള്ളവയിൽ മാത്രം, വനം പരിസ്ഥിതി വകുപ്പുകളുടെ ക്ലിയറൻസിനു വിധേയമായി അനുവദിക്കാം |
| 3 | വ്യവസായം | റെഡ് ക്യാറ്റഗറിയിൽപ്പെട്ട വ്യവസായങ്ങൾ പാടില്ല (ആശുപത്രികൾ റെഡ് ക്യാറ്റഗറിയിൽപ്പെട്ടവയായതിനാൽ അവയെ ഈ പട്ടികയിൽനിന്ന് വേർതിരിക്കേണ്ടതുണ്ട്) |
| 4 | മനുഷ്യ ആവാസകേന്ദ്രങ്ങൾ | 20000 ചതുരശ്ര മീറ്ററിലേറെ വ്യാപ്തിയുള്ള കെട്ടിടങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും പാടില്ല. ടൗൺഷിപ്പുകളും പ്രദേശ വികസന പദ്ധതികളും പാടില്ല. |
| 5 | വനങ്ങളുടെ തിരിവ് | വെബ്സൈറ്റിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ കൊടുക്കണം |
| 6 | മറ്റു പദ്ധതികൾ | ഇപ്പോൾ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിന്റെ കീഴിൽ വരാത്തവയും പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാക്കാത്തതുമായ പദ്ധതികൾക്കു മാത്രം അനുമതി നൽകും. |
| 7 | അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം ഉൾപ്പെടെ | സമഗ്രമായ പരിസ്ഥിതി ആഘാത പഠനത്തിനു ശേഷം മാത്രം. പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിലെ A വിഭാഗത്തിന്റെ കീഴിൽ ഇവയെല്ലാം ഉൾപ്പെടുന്നതാണ്. (പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിരിക്കണം). |
| 8 | റയിൽവേ | പാരിസ്ഥിതികമായ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുവേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. (വന്യജീവികളെ ബാധിക്കാത്തവിധത്തിൽ) |
| 9 | സുസ്ഥിര കൃഷി | കാർഷിക മേഖലകളും പ്ലാന്റേഷൻ മേഖലകളും പരിസ്ഥിതി മൃദുല സോണുകളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വനപ്രദേശങ്ങളെയും അവയ്ക്കു ചുറ്റുമുള്ള ജൈവവൈവിധ്യത്തെയും സംരക്ഷിക്കുക എന്നുള്ളത് ഫലത്തിൽ കൃഷിക്കാർക്കും പ്ലാന്റർമാർക്കും ഗുണകരമായിരിക്കും. കൃഷിക്കാരെ ജൈവകൃഷിയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ട ധനസഹായങ്ങൾ നൽകുകയും വേണം. |
| 10 | വിനോദസഞ്ചാരം | ഇത് വേണ്ട നിയന്ത്രണങ്ങൾ കൂടാതെ നടപ്പിലാക്കിയാൽ പാരിസ്ഥിതികമായ ശോഷണം ഉണ്ടാകാൻ ഇടയുണ്ട്. പരിസ്ഥിതി ആഘാത നിർണ്ണയം കൂടുതൽ ശക്തിപ്പെടുത്തുകയും |

| | | |
|---|---|---|
| | | മേൽനോട്ടം വിപുലമാക്കുകയും ചെയ്യുക. വലിയ ടൂറിസം സംരംഭങ്ങൾക്കുമേൽ വേണ്ടത്ര സെസ്സ് ഏർപ്പെടുത്തുകയും ഈ തുക പാരിസ്ഥിതിക പരിപാലന പ്രവർത്തനങ്ങൾക്കും പ്രാദേശിക സമൂഹത്തിന്റെ നേട്ടങ്ങൾക്കുമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. |
| 11 | പൈതൃക പദവി | കേരളത്തിലുള്ള 19 കേന്ദ്രങ്ങൾ (ഇന്ത്യയിൽ ഏറ്റവുമധികം); വ്യക്തമായ അതിരുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നാഷണൽ പാർക്കുകൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ്വ് തുടങ്ങിയവയ്ക്ക് ഇപ്പോൾതന്നെ മികച്ച രീതിയിലുള്ള സംരക്ഷണം ഉണ്ട്. ഇവിടത്തെ വന്യസമ്പത്തിനെ സംരക്ഷിക്കാനും അവയുടെ മൂല്യനിർണ്ണയത്തിനും സംസ്ഥാന ഗവൺമെന്റുകൾ ഒരു പ്ലാൻ തയ്യാറാക്കണം. |
| 12 | പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്കുമേൽ വേണ്ട ഭരണപരമായ പ്രവർത്തനങ്ങൾക്കും നിയന്ത്രണ പ്രവർത്തനങ്ങൾക്കുമായി ഒരു സംവിധാനത്തിന് രൂപം നൽകുക. | ആസൂത്രണ കമ്മീഷൻ പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായും ഈ പ്രദേശത്തെ പരിസ്ഥിതി സൗഹൃദ വളർച്ചയ്ക്കുവേണ്ട സാമ്പത്തിക സഹായം നൽകുന്നതിനായും ഒരു പശ്ചിമഘട്ട സുസ്ഥിര വികസന ഫണ്ടിനു രൂപം നൽകണം. 2006 ലെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനത്തിലെ നിബന്ധനകൾ പ്രകാരം പശ്ചിമഘട്ട മൃദുല പ്രദേശങ്ങളിൽ നിന്നും 10 കിലോമീറ്റർ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വികസന പദ്ധതികൾക്ക് പാരിസ്ഥിതിക ക്ലിയറൻസ് നൽകണം. |
| 13 | പശ്ചിമഘട്ട പ്രദേശങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനും അവയ്ക്കുവേണ്ട പിൻതുണയും മേൽനോട്ടവും നൽകുന്നതിനുംവേണ്ടി ഒരു സെന്ററിനു രൂപം നൽകുക | പശ്ചിമഘട്ടത്തിലെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് ഒരു ശാസ്ത്രീയ അടിസ്ഥാനം നൽകുന്നതിനായി ശാസ്ത്ര സ്ഥാപനങ്ങളുടെയും അക്കാഡമികളുടെയും ഒരു വിജ്ഞാന ശൃംഖലയ്ക്ക് രൂപം നൽകാൻ HLWG നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളൊന്നും ഇല്ലാത്തതിനാൽ HLWG നിർദ്ദേശിച്ച സാങ്കേതിക സ്ഥാപനം കേരളത്തിൽ സ്ഥാപിക്കണമെന്ന് ശുപാർശചെയ്തിട്ടുണ്ട്. (ISRO യുടെ സംവിധാനങ്ങൾ ഇതിന് സഹായകരമാകും.) |
| 14 | അതിരപ്പള്ളി ജലവൈദ്യുത പദ്ധതി | ജൈവവൈവിധ്യ ശോഷണം, വനത്തിലെ ആവാസവ്യവസ്ഥകളിലുണ്ടാകുന്ന മാറ്റം, ആദിവാസികളെ മാറ്റിപാർപ്പിക്കൽ, ജലാശയങ്ങളിലെ ജലനിരപ്പിലുണ്ടാകുന്ന മാറ്റം, ഊർജ്ജോൽപ്പാദനം, ജല ഉപഭോഗം, ജലസേചനം എന്നിവ തമ്മിൽ ഒരു സന്തുലനം വേണമെന്ന് HLWG നിർദ്ദേശിച്ചിട്ടുണ്ട്.<br>ഈ പദ്ധതി സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകതയുമായി ബന്ധപ്പെട്ട് വളരെ പ്രധാനമാണെങ്കിലും നദിയിലെ ജലലഭ്യത കുറവുള്ള കാലത്തെ ജലനിരപ്പുമായി ബന്ധപ്പെട്ട് |

| | | |
|---|---|---|
| | | അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. വൈദ്യുതോൽപ്പാദനം സംബന്ധിച്ച് നിബന്ധനകൾ പുന:പരിശോധിക്കണം. ഊർജ്ജോൽപ്പാദന പദ്ധതി നടപ്പിലാക്കുന്നതിലൂടെ സസ്യജാതികളിൽ ഉണ്ടാകുന്ന ശോഷണത്തെ പരിഹരിക്കാൻ ആ പ്രദേശത്തെ സസ്യസാന്ദ്രത പ്രാപ്തമാണോ എന്ന വസ്തുത നിർണ്ണയിക്കണം. നദിയിലെ ജലലഭ്യത കുറവുള്ള കാലത്തെ ജലനിരപ്പുമായി ബന്ധപ്പെട്ട ഡാറ്റകൾ പരിശോധിക്കേണ്ടതുണ്ട്. ഇതൊക്കെ അപഗ്രഥിച്ച ശേഷം, കേരള സർക്കാർ താൽപര്യപ്പെടുന്നുണ്ടെങ്കിൽ ഇതു സംബന്ധിച്ച ഒരു പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകണം.<br>കെ.എസ്.ഇ.ബി. ഈ പദ്ധതിയെ സാധൂകരിക്കും വിധമുള്ള ചില വിവരങ്ങളും വസ്തുതകളും സമർപ്പിച്ചിട്ടുണ്ട്. ബോർഡ് ഇക്കാര്യങ്ങൾ വനം പരിസ്ഥിതി മന്ത്രാലയത്തിനെ പ്രത്യേകം ധരിപ്പിച്ച് ക്ലിയറൻസിനുള്ള നടപടികൾ സ്വീകരിക്കണം. |
| 15 | സാമ്പത്തിക ആനുകൂല്യങ്ങൾ | പരിസ്ഥിതി സൗഹൃദ വളർച്ചയ്ക്കും സംരക്ഷണ പ്രവർത്തനങ്ങൾക്കും വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുന്നത് സംബന്ധിച്ച് ഒരു ബൃഹത്തായ പ്രൊപ്പോസൽ സംസ്ഥാന ഗവൺമെന്റ് HLWG ന് നൽകിയിരുന്നു. ഇതു തത്വത്തിൽ അഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഈ ധനസഹായത്തിലേറെയും വന സംരക്ഷണത്തിന് പോകുമെന്നതിനാൽ സംസ്ഥാനത്തിനുമേലുള്ള സാമ്പത്തിക ബാധ്യത വർദ്ധിക്കും. ഇതു സംബന്ധിച്ച ഫണ്ടിൽ ഗണ്യമായ വർദ്ധനവ് വരുത്തണമെന്നും വനവുമായും പരിസ്ഥിതി മൃദുല പ്രദേശങ്ങളുമായും ബന്ധപ്പെട്ടു കഴിയുന്ന പ്രാദേശിക സമൂഹത്തിന് നേരിട്ട് ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും 14-ാം സാമ്പത്തിക കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് എല്ലാ പരിസ്ഥിതി നിയമങ്ങളും നടപ്പിലാക്കുന്നതിനുവേണ്ട ഉത്തരവാദിത്വവും സാമ്പത്തിക ബാധ്യതയും (HLWG ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിയത സംവിധാനങ്ങൾ വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്) വഹിക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങൾ ഈ ദിശയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ഒരു സാമ്പത്തിക സഹായവും നൽകാറില്ല. മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പരിസ്ഥിതി ഡയറക്ടറേറ്റ്, തീരദേശ അതോറിറ്റി, പരിസ്ഥിതി ആഘാത അതോറിറ്റി, നീർത്തട സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിയമപരവും അല്ലാത്തതുമായി കേന്ദ്രസർക്കാരിന്റെ വ്യവസ്ഥാപിതമായ നിരവധി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് |

സംസ്ഥാന സർക്കാരുകൾ വലിയ തോതിലുള്ള സാമ്പത്തിക ചെലവ് തുടർച്ചയായി വഹിക്കുന്ന സാഹചര്യം നിലവിലുണ്ട്. മാത്രമല്ല പരിസ്ഥിതി മൃദുല പ്രദേശങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളും അവിടത്തെ ജനങ്ങളും പല നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും ജലവൈദ്യുത പദ്ധതികൾ നടപ്പിലാകാത്ത അവസ്ഥമൂലമുള്ള പ്രശ്നങ്ങൾക്കുമൊക്കെ വിധേയമാകുന്നുണ്ട്. ഇത്തരത്തിൽ നേരിട്ടും അല്ലാതെയുമുണ്ടാകുന്ന നഷ്ടങ്ങൾ നികത്തപ്പെടണം. വന സംരക്ഷണത്തിനുള്ള ധനസഹായം, സാമ്പത്തിക നിയന്ത്രണം തുടങ്ങിയവ വനത്തിന് പുറത്തുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്കോ ഇതിലേർപ്പെടുന്ന വ്യക്തികൾക്കോ നേരിട്ട് യാതൊരു സഹായവും നൽകാത്ത സ്ഥിതിയുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് രൂപംകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെയും അതോറിറ്റികളുടെയും പദ്ധതിയേതര ചെലവിന്റെ 50% കേന്ദ്ര സർക്കാർ വഹിക്കണം. കൂടാതെ ഏജൻസികളുടെ പദ്ധതി ചെലവ് മുഴുവനും വഹിക്കണം. പശ്ചിമഘട്ട മൃദുല പ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സർവ്വീസ് ചാർജ്ജ്, വനേതര പാരിസ്ഥിതിക സമ്പത്തുകളുടെ സംരക്ഷണം, ജൈവവൈവിധ്യ പരിപാലന സമിതികൾക്കുള്ള ധനസഹായം (ജൈവവൈവിധ്യ ചട്ടപ്രകാരം), സംസ്ഥാനത്തെ ജൈവവൈവിധ്യ ഫണ്ടിലുള്ള വിഹിതം, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രാഥമിക പാരിസ്ഥിതിക പരിരക്ഷ (Primary Environmental Care) പ്രവർത്തനങ്ങൾ, കീടനാശിനി, രാസവളം തുടങ്ങിയവ ഉണ്ടാക്കുന്ന മലിനീകരണത്തിന്റെ ഫലമായി സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണത്തിന്റെ നിർമ്മാർജ്ജനം, ഖര ദ്രവമാലിന്യ സംസ്കരണം, ജലാശയങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് പരിസ്ഥിതി സൗഹൃദ ബദലുകൾ ഉപയോഗിക്കൽ തുടങ്ങിയവയുടെ ചെലവും കേന്ദ്ര സർക്കാർ പൂർണ്ണമായും വഹിക്കണമെന്ന് HLWG ശുപാർശചെയ്യുന്നു. HLWG യുടെ ശുപാർശകൾക്കൊപ്പം മേൽപ്പറഞ്ഞ സാമ്പത്തിക സംവിധാനങ്ങൾകൂടി പരിഗണിച്ചാൽ മാത്രമേ ഇവ സംസ്ഥാന സർക്കാരുകൾക്ക് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കടമെഴുതിത്തള്ളൽപോലുള്ള സാമ്പത്തിക നടപടികൾക്കു പകരം പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകുന്നത് ഉചിതമായിരിക്കും.

## HLWG & WGEEP അവലോകനം

ഹൈലെവൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശപ്രകാരം പശ്ചിമഘട്ടത്തിന്റെ മൊത്തം വിസ്തൃതിയുടെ 37% മാത്രമാണ് പാരിസ്ഥിതിക മൃദുല പ്രദേശങ്ങ ളായി വരുന്നത്. ഇത് ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ 60,000 ചതുരശ്ര കിലോമീറ്ററിലായി വ്യാപി ച്ചിരിക്കുന്നു. റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് HLWG പശ്ചിമഘട്ടത്തിലെ പാരിസ്ഥിതിക മൃദുല പ്രദേശങ്ങൾ മാർക്ക് ചെയ്തിട്ടുള്ളത്. ഇതിനായി ആദ്യം സാംസ്കാരികവും, പ്രകൃത്യായുള്ളതുമായ പശ്ചിമഘട്ട ഭൂപ്രദേശങ്ങൾ തമ്മിലുള്ള വേർതിരിവ് HLWG നിർണയിക്കുകയുണ്ടായി. മനു ഷ്യവാസമുള്ള പ്രദേശങ്ങൾ, കൃഷിത്തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ ഉൾപ്പെടുന്ന സാംസ്കാരിക ഭൂപ്രദേശങ്ങൾ പശ്ചിമഘട്ടത്തിന്റെ 58.44% പ്രദേശ ത്തായി വ്യാപിച്ചിരിക്കുന്നു. പ്രകൃത്യാലുള്ള ഭൂപ്രദേശങ്ങളായി മാർക്ക് ചെയ്തിട്ടുള്ള ബാക്കി പ്രദേശത്തിന്റെ 90 ശതമാനത്തെയാണ് പരിസ്ഥിതി മൃദുല പ്രദേശമായി തിരിച്ചറിഞ്ഞിട്ടുള്ളത്. ഈ ഭാഗത്ത് ഖനനം, പാറ ഖനനം, മണൽ വാരൽ തുടങ്ങിയവ സമ്പൂർണമായി നിരോധിക്കണമെന്ന് പശ്ചിമഘട്ട ഉന്നതതലസമിതി (HLWG) ആവശ്യപ്പെടുന്നു. എന്നാൽ പശ്ചിമഘട്ട പരി സ്ഥിതി വിദഗ്ധ സമിതിയുടെ (WGEEP) റിപ്പോർട്ടിൽ പശ്ചിമഘട്ടത്തിന്റെ 90 ശതമാനം പ്രദേശത്തിലും ഖനനവും മറ്റും പരിമിതപ്പെടുത്തുകയോ നിയന്ത്രി ക്കുകയോ ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുക വളരെ ദുഷ്കരമായിരിക്കും.

അതുപോലെതന്നെ പശ്മിഘട്ടത്തിന്റെ വിസ്തൃതി WGEEP റിപ്പോർട്ടിനെ അപേ ക്ഷിച്ച് (1,29,037 ച.കി.മീ) HLWG റിപ്പോർട്ടിൽ (1,64,280 ച.കി.മീ.) കൂടുതലായിട്ടുണ്ട്. WGEEP യിൽ പരിസ്ഥിതി മൃദുല സോണുകൾ പരമ്പരാഗ തമായുള്ള പശ്ചിമഘട്ടത്തിന്റെ അതിർത്തികളെപ്പോലും ലംഘിക്കുമ്പോൾ HLWG പ്രകാരം പശ്ചിമഘട്ടത്തിന്റെ 37% മാത്രമാണ് പരിസ്ഥിതി മൃദുല പ്രദേശ ങ്ങളായി കണ്ടെത്തിയിട്ടുള്ളത്. WGEEP റിപ്പോർട്ട് പ്രകാരം 978 പഞ്ചായത്തുക ളിൽ 633 എണ്ണം ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക മൃദുല സോണുക ളിൽ ഉൾപ്പെടുമ്പോൾ HLWG പ്രകാരം 123 വില്ലേജുകൾ മാത്രമാണ് പാരിസ്ഥി തിക മൃദുല സോണുകളിൽ വരുന്നത്. HLWG യുടെ നിർദ്ദേശമനുസരിച്ച് പര മ്പരാഗത പശ്ചിമഘട്ട പ്രദേശങ്ങൾ മാത്രമാണ് ഏറെക്കുറെ പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടുന്നത്. HLWG നിർദ്ദേശിക്കുന്ന പരിസ്ഥിതി മൃദുല

പ്രദേശങ്ങൾ ഏറെ ജൈവസമ്പുഷ്ടമായവയും വിഭജിക്കപ്പെടാത്തവയുമാണ്. അതേസമയം ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിൽ 100 ൽ താഴെയുള്ള പ്രദേശങ്ങളിൽ കുറഞ്ഞ തോതിൽ മുതൽ മധ്യമ തോതിൽവരെയുള്ള വനവിഭജനവും മികച്ച തോതിലുള്ള ജൈവവൈവിധ്യവും ഉള്ളവയാണ്. അതായത് കുറഞ്ഞ തോതിൽ മുതൽ മധ്യമതോതിൽ വരെ ജൈവസമ്പത്തും വലിയ തോതിലുള്ള വന വിഭജനവും ഉള്ള പ്രദേശങ്ങളെ ഒഴിവാക്കിയിരിക്കുന്നു. അതുപോലെതന്നെ ജനസാന്ദ്രത ചതുരശ്ര കീലോമീറ്ററിന് 100 ലേറെയുള്ളതും മധ്യമതോതിലുള്ള വിഭജനം ഉള്ളതുമായ പ്രദേശങ്ങളെ പരിസ്ഥിതി മൃദുല പ്രദേശങ്ങൾ എന്ന വിഭാഗത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പരിസ്ഥിതി മൃദുല പ്രദേശത്തിൽ 20% ന്റെ സാന്നിദ്ധ്യമാണ് വില്ലേജുകളെ പരിസ്ഥിതി മൃദുല ഗ്രാമങ്ങളായി രേഖപ്പെടുത്താനുപയോഗിച്ചിരിക്കുന്നത്.

സാധാരണ വനങ്ങൾക്കു പുറമെ 3802 ച.കി.മീറ്ററിലായി വ്യാപിച്ചിരിക്കുന്ന പ്രകൃത്യായുള്ള ഭൂപ്രദേശങ്ങൾ മാത്രമാണ് പരിസ്ഥിതി മൃദുല പ്രദേശങ്ങളായി തിരിച്ചറിയപ്പെടുകയും വർഗ്ഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളത്. പരിസ്ഥിതി മൃദുല പ്രദേശങ്ങളായി കണ്ടെത്തിയിട്ടുള്ള 123 വില്ലേജുകൾ ഇത്തരത്തിൽ വർഗ്ഗീകരിക്കപ്പെട്ടതിനു കാരണം അവയുടെ വിസ്തൃതിയുടെ 20% ത്തിലെങ്കിലും പരിസ്ഥിതി മൃദുല പ്രദേശങ്ങൾ ഉള്ളതിനാലാണെന്നും വ്യക്തമാണ്. ഈ പറഞ്ഞ മാനദണ്ഡങ്ങൾ അനുവർത്തിക്കപ്പെട്ടില്ലെങ്കിൽ HLWG യുടെ ശുപാർശകൾക്ക് ഒരു സാംഗത്യവുമില്ലാതെ വരും. കൂടാതെ ഇത് HLWG മായുള്ള ടേംസ് ഓഫ് റഫറൻസിന് അതീതമായി മാറുകയും ചെയ്യും. പാരിസ്ഥിതിക സംരക്ഷണം, സുസ്ഥിര വികസനം, തത്തുല്യമായ സാമ്പത്തിക, സാമൂഹിക വളർച്ച എന്നിവ തമ്മിൽ ഒരു സമന്വയം വേണമെന്ന് HLWG വിഭാവനം ചെയ്യുന്നു. പശ്ചിമഘട്ടത്തിന്റെ ചെറിയ വ്യാപ്തിയിലും ലളിതമായുമുള്ള സംരക്ഷണം ഇതിനെക്കാളേറെ വിശാലമായ രീതിയിൽ അസാധ്യമാണ്. HLWG റിപ്പോർട്ടിൽ സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആശങ്കകൾക്ക് സംസ്ഥനത്തിന്റെ താൽപര്യ പ്രകാരമുള്ള പരിഹാരങ്ങൾ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

പശ്ചിമഘട്ടത്തിന്റെ സംരക്ഷണം, സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ അവശ്യഘടകമാണെന്നിരിക്കെ HLWG നിർദ്ദേശിച്ചിട്ടുള്ള ലളിതമായ കാര്യങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. 1960 കളിൽ സംസ്ഥാനത്തെ 36 താലൂക്കുകളിൽ പശ്ചിമഘട്ട വികസന പദ്ധതി (Western Ghat Development Programme) നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രദേശത്തിന്റെ വ്യാപ്തി HLWG നിർദ്ദേശപ്രകാരമുള്ള പശ്ചി

മഘട്ട പ്രദേശങ്ങളെക്കാളും വളരെ വിപുലമായിരുന്നു. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട ധനസഹായം, പുതുതായി നിർണ്ണയിക്കപ്പെട്ട പശ്ചിമഘട്ട പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്ന് HLWG നിർദ്ദേശിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ലോകപൈതൃക കേന്ദ്ര പദവി പശ്ചിമഘട്ടത്തിന് ലഭിച്ച സാഹചര്യത്തിൽ ഇത് ഒരു പ്രത്യേക പാരിസ്ഥിതിക മൃദുല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ഇതേസമയം നിലവിലുള്ള വനങ്ങൾക്കും ഭൂപ്രദേശങ്ങൾക്കുംമേൽ ഇത്തരത്തിലുള്ള വർഗ്ഗീകരണം ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ല. (സംരക്ഷണ കേന്ദ്രങ്ങൾക്ക് ഉള്ളിലാണ് ലോകപൈതൃക കേന്ദ്രം വരുന്നത്). വിശാലമായ സാംസ്കാരിക ഭൂപ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടതിന് കാരണമായി HLWG ചൂണ്ടിക്കാണിക്കുന്നത് സംരക്ഷിത കേന്ദ്രങ്ങളുടെ (PAs) പുറത്തുള്ള പാരിസ്ഥിതിക മൃദുല ഭൂപ്രദേശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതും അതേസമയം അവിടെ സംഘർഷാവസ്ഥകൾ ഒഴിവാക്കപ്പെടണമെന്നതുമാണ്. പശ്ചിമഘട്ട മൃദുല പ്രദേശങ്ങൾക്കുള്ളിലെ വനപ്രദേശങ്ങൾ നിശ്ചിത നിയമങ്ങളും വ്യവസ്ഥകളും പ്രകാരം സംരക്ഷിക്കപ്പെടുമെന്നിരിക്കെ പശ്ചിമഘട്ട മൃദുല പ്രദേശങ്ങൾക്ക് ലഭിക്കുന്നത് ഒരു അധിക സംരക്ഷണമായിരിക്കും.

HLWG പശ്ചിമഘട്ടത്തിന് 10 കി.മീ പരിധിയിലുള്ള പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു സുപ്രധാന ശുപാർശ മുന്നോട്ട് വച്ചിട്ടുണ്ട്. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2006 ലെ പരിസ്ഥിതി ആഘാത നിർണ്ണയ വിജ്ഞാപനപ്രകാരമുള്ള ക്ലിയറൻസ് നേടിയിരിക്കണമെന്നതാണിത്. എന്നാൽ ഇപ്പോൾതന്നെ ഈ ക്ലിയറൻസ് കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയില്ല എന്നതും ക്ലിയറൻസ് നേടിയ ശേഷമാണ് ഇപ്പോൾ ഇവ നടപ്പാക്കുന്നതെന്നതും ശ്രദ്ധേയമാണ്. നിയന്ത്രണവുമായി ബന്ധപ്പെട്ട് നിശ്ചിത വ്യവസ്ഥകൾ ഉണ്ടായില്ലെങ്കിൽ ഈ ശുപാർശ അപ്രായോഗികമായിരിക്കും.

പരിസ്ഥിതി നിയമങ്ങളുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക പ്രശ്നങ്ങളിൽ ആധികാരിക കേന്ദ്രങ്ങൾ ഫലവത്തായി ഇടപെടാവുന്ന സാഹചര്യം ഇന്നുണ്ടെങ്കിലും ഇവ ഫലപ്രദമായി നടപ്പിലാക്കുന്ന സംവിധാനം ഇന്ന് നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അടിസ്ഥാനപരമായെങ്കിലും നടപ്പാക്കുന്നതിനുള്ള സംവിധാനമോ അധികാര കേന്ദ്രമോ സംസ്ഥാന സർക്കാരുകളുടെ കീഴിൽ രൂപപ്പെടുത്തുന്നത്, ഈ ശുപാർശകളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും മറ്റും ഫലപ്രദമായി നടപ്പാക്കാൻ സഹായകരമാകും. അടിത്തട്ടിൽ പോലീസ് വകുപ്പിനെ കേന്ദ്രീകരിച്ച് ഇത്തരമൊരു നിർവ്വഹണ അതോറിറ്റി രൂപപ്പെടുത്തിയാൽ മതിയാകും. പരിസ്ഥിതി ഗാർഡുകൾ ആണ് മറ്റൊരു മാർഗ്ഗം. ഇതിനുള്ള ഫണ്ട് സംസ്ഥാന സർക്കാരിനു കേന്ദ്ര

സർക്കാർ ലഭ്യമാക്കണം. കൂടാതെ പരിസ്ഥിതി വകുപ്പിന് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നതിനുവേണ്ട സാഹചര്യവും ധനസഹായവും ഒരുക്കേണ്ടതുണ്ട്.

നിയമസഭാ പ്രമേയം, രാഷ്ട്രീയ പാർട്ടികളുടെ കാഴ്ചപ്പാട് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഈ ശുപാർശകൾ വേണ്ടത്ര മാറ്റങ്ങളോടെ (പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഗ്രാമങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കൽ, ധനസഹായം ലഭ്യമാക്കൽ, പശ്ചിമഘട്ട പരിസ്ഥിതി മൃദുല പ്രദേശങ്ങൾക്ക് 10 കി.മീ പരിധിയിലുള്ള പ്രദേശങ്ങളിൽ റെഗുലേറ്റഡ് സോണുകൾ സ്ഥാപിക്കൽ തുടങ്ങിയ നിർദ്ദേശങ്ങൾ) പരിഗണിക്കേണ്ടതുണ്ട്.

## Ecological Sensitive units (Villages) as per Kasturirangan Report

| No | District | Taluk | No. Villages in ESA | Name of Village | Area ($km^2$) | Population (2001) |
|---|---|---|---|---|---|---|
| **1** | **Thiruvananthapuram** | | | | | |
| | 1 | Nedumangad | 4 | 1.Peringamala<br>2.Thennur<br>3.Vidura<br>4.Mannurkkara | 120<br>111<br>118<br>91 | 21477<br>12972<br>18239<br>18273 |
| | 2 | Neyyattinkara | 3 | 1. Vazhichal<br>2.Amboori<br>3.Kallikkad | 105<br>38<br>15 | 10606<br>9839<br>9515 |
| | | **Total** | | | **598** | **100921** |
| **2** | **Kollam** | | | | | |
| | 1 | Pathanapuram | 8 | 1. Punnala<br>2.Piravanthur<br>3.Edamon<br>4.Thenmala<br>5.Aryankavu<br>6.Thingal karikkam<br>7.Kulathupuzha<br>8.Chennapettah | 63<br>74<br>91<br>101<br>156<br>72<br>326<br>28 | 12558<br>23336<br>12453<br>13339<br>12125<br>19627<br>14749<br>8211 |
| | | **Total** | | | **911** | **116398** |
| **3** | **Pathanamthitta** | | | | | |
| | 1 | Kozhanchery | 2 | 1. Thannithodu<br>2.Aruvappalam | 146<br>454 | 14352<br>16183 |
| | 2 | Ranni | 4 | 1. Chittar-Seethathodu<br>2.Kollumala<br>3.Perunad<br>4.Vadasserikkara | 649<br>67<br>189<br>42 | 33977<br>22765<br>16620<br>22577 |
| | | **Total** | | | **1547** | **126474** |
| **4** | **Alappuzha** | | | | | |
| | | No Ecological Sensitive units | | | | |
| **5** | **Kottayam** | | | | | |
| | 1 | Kanjirapally | 1 | 1. Koottickal | 50 | 10393 |
| | 2 | Meenachil | 3 | 1. Melukavu<br>2. Thekkoy<br>3. Poonjar Thekkekkara | 27<br>36<br>43 | 9352<br>9617<br>19710 |
| | | **Total** | | | **156** | **49072** |
| **6** | **Ernakulam** | | | | | |
| | | Kothamangalam | 1 | 1. Kuttampuzha | 647 | 25436 |

| | | | | | | |
|---|---|---|---|---|---|---|
| **7** | **Idukki** | | | | | |
| | 1 | Devikulam | 12 | 1. Marayoor<br>2. Keezhanthoor<br>3. Kannandevan Hills<br>4. Kottakamboor<br>5. Kanthalloor<br>6. Vattavada<br>7. Mankulam<br>8. Mannamkandam<br>9. Pallivasal<br>10. Anaviratti<br>11. Kunjithanni<br>12. Vellathooval | 108<br>68<br>477<br>36<br>47<br>31<br>76<br>183<br>40<br>22<br>19<br>31 | 11027<br>3359<br>68205<br>2209<br>7626<br>2893<br>9607<br>36314<br>11759<br>5006<br>12253<br>14845 |
| | 2 | Peerumed | 8 | 1. Upputhara<br>2. Kumily<br>3. Manjamala<br>4. Periyar<br>5. Kokkayar<br>6. Peerumed<br>7. Mlapra<br>8. Peruvanthanam | 31<br>187<br>87<br>69<br>55<br>44<br>569<br>78 | 20596<br>28652<br>22629<br>26326<br>12876<br>20808<br>1125<br>16301 |
| | 3 | Thodupuzha | 4 | 1. Kanjikuzhy<br>2. Udumbannoor<br>3. Idukki<br>4. Arakulam | 69<br>84<br>270<br>35 | 28504<br>23340<br>13320<br>12633 |
| | 4 | Udumbanchola | 23 | 1. Chinnakkanal<br>2. Bisonvalley<br>3. Rajakumari<br>4. Pooppara<br>5. Rajakadu<br>6. Konnathady<br>7. Santhanpara<br>8. Kandhippara<br>9. Chathurangappara<br>10. Vathikkudy<br>11. Udumbanchola<br>12. Upputhodu<br>13. Parathod<br>14. Kalkunthal<br>15. Thankamany<br>16. Ayyappankovil<br>17. Pambadumpara<br>18. Kattappana<br>19. Karunapuram<br>20. Vandanmedu<br>21. Anakkara<br>22. Anavilasam<br>23. Chakkupallam | 68<br>46<br>40<br>45<br>26<br>74<br>36<br>27<br>29<br>51<br>40<br>32<br>58<br>57<br>50<br>112<br>36<br>78<br>53<br>21<br>38<br>30<br>25 | 12949<br>12761<br>15243<br>9950<br>16378<br>31529<br>8425<br>10584<br>5325<br>24623<br>10868<br>10615<br>21525<br>41103<br>23448<br>33700<br>16600<br>39608<br>31981<br>10009<br>23934<br>6870<br>12242 |
| | | **Total** | | | **3788** | **842483** |

| | | | | | | |
|---|---|---|---|---|---|---|
| **8** | **Thrisur** | | | | | |
| | 1 | Mukundapuram | 1 | 1. Pariyaram | 697 | 31615 |
| **9** | **Palakkad** | | | | | |
| | | Alathur | 1 | 1. Kizhakkanchery 1 | 49 | 22400 |
| | | Chittur | 3 | 1. Muthalamada 1<br>2. Muthalamada II<br>3. Nelliyampathy | 264<br>95<br>274 | 18488<br>15679<br>8718 |
| | | Mannarkkad | 7 | 1. Puthur<br>2. Padavayal<br>3. Agali<br>4. Kottathara<br>5. Sholayar<br>6. Kallamala<br>7. Palakkayam | 128<br>251<br>85<br>36<br>159<br>62<br>115 | 5798<br>6764<br>20142<br>10862<br>7526<br>15493<br>9354 |
| | | Palakkad | 3 | 1. Malampuzha<br>2. Puduppariyaram<br>3. Pudusseri east | 93<br>73<br>101 | 11782<br>8201<br>13651 |
| | | **Total** | | | **1785** | **174858** |
| **10** | **Malappuram** | | | | | |
| | 1 | Nilambur | 10 | 1. Chungathara<br>2. Kurumbalangod<br>3. Vazhikadavu<br>4. Akampadam<br>5. Karulai<br>6. Amarambalam<br>7. Chokkod<br>8. Kalikavu<br>9. Kerala Estate<br>10. Karuvarakundu | 78<br>158<br>136<br>91<br>293<br>77<br>61<br>38<br>33<br>40 | 30726<br>20017<br>44083<br>15758<br>24336<br>31928<br>16850<br>25861<br>10299<br>26657 |
| | | **Total** | | | **1005** | **246515** |
| **10** | **Kozhikod** | | | | | |
| | 1 | Kozhikkod | 5 | 1. Kedavoor<br>2. Puthuppadi<br>3. Nellippoyil<br>4. Kodancheri<br>5. Thiruvanbadi | 49<br>37<br>33<br>27<br>87 | 23283<br>22655<br>11721<br>18461<br>26623 |
| | 2 | Quilandy | 2 | 1. Chembanoda<br>2. Chakkittappara | 52<br>117 | 5718<br>12168 |
| | 3 | Vadakara | 2 | 1. Thinur<br>2. Kavilumpara | 30<br>82 | 4714<br>19423 |
| | | **Total** | | | **514** | **144766** |

| | | | | | | |
|---|---|---|---|---|---|---|
| **11** | **Wayanad** | | | | | |
| | 1 | Mananthavady | 4 | 1. Thirunelli<br>2. Thrissilleri<br>3. Periya<br>4. Thondarnad | 150<br>54<br>63<br>97 | 11719<br>15731<br>11469<br>11092 |
| | 2 | Sulthanbethery | 2 | 1. Kidangad<br>2. Nulpuzha | 176<br>123 | 9157<br>12978 |
| | 3 | Vythiri | 7 | 1. Theriyod<br>2. Achooranam<br>3. Pozhuthana<br>4. Kottappady<br>5. Chundel<br>6. Kunnathidavaka<br>7. Vellarimala | 54<br>21<br>50<br>55<br>16<br>32<br>58 | 1859<br>9754<br>7643<br>21833<br>8989<br>8831<br>8730 |
| | | **Total** | | | **949** | **139785** |
| **12** | **Kannur** | | | | | |
| | 1 | Thalassery | 3 | 1. Aralam<br>2. Kottiyur<br>3. Cheruvancherry | 117<br>84<br>110 | 26508<br>17809<br>9048 |
| | | **Total** | | | **311** | **53365** |
| **13** | **Kazargod** | | | | | |
| | **No Ecological Sensitive units** | | | | | |
| | **Total** | **25** | **123** | | **12908** | **2051688** |

**നം. 1-4/2012–RE (Pt.)**
**ഭാരത സർക്കാർ**
**പരിസ്ഥിതി വനം മന്ത്രാലയം**

പര്യാവരൺ ഭവൻ
സി.ജി.ഒ. കോംപ്ലക്സ്, ലോധി റോഡ്
ന്യൂ ഡൽഹി - 110 003
തീയതി: 16 നവംബർ 2013

## ഓഫീസ് മെമ്മോറാണ്ടം

**വിഷയം: പശ്ചിമഘട്ട ഉന്നതതല വർക്കിംഗ് ഗ്രൂപ്പിന്റെ റിപ്പോർട്ട് - സംബന്ധിച്ച്**

1. കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം, പ്ലാനിംഗ് കമ്മീഷൻ (സയൻസ്) മെമ്പറായ ഡോ. കെ. കസ്തൂരിരംഗൻ അധ്യക്ഷനായി ഒരു ഉന്നതതല വർക്കിംഗ് ഗ്രൂപ്പിന് 17.08.2012 ലെ ഉത്തരവ് പ്രകാരം രൂപം നൽകി. പശ്ചിമഘട്ടത്തിലെ സമ്പുഷ്ടമായ ജൈവവൈവിധ്യത്തെയും പാരിസ്ഥിതികമായ പ്രത്യേകതകളെയും പഠനവിധേയമാക്കുകയും, അതിനെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും, പ്രതിരോധിക്കുകയും ചെയ്യാൻ തക്ക നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യാനാണ് ഈ വിദഗ്ധ സമിതിക്ക് രൂപം നൽകിയത്. കൂടാതെ പശ്ചിമഘട്ടത്തിലെ മൃദുലമായ പരിസ്ഥിതിക്ക് ഇനിയും ശോഷണം ഉണ്ടാകുന്നത് തടയാനുള്ള നടപടികൾ നിർദ്ദേശിക്കാനും സമിതിയോട് ആവശ്യപ്പെട്ടു. പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നിവയ്ക്കൊപ്പം പശ്ചിമഘട്ടത്തിലെ പരമ്പരാഗതമായ ജനസമൂഹത്തിന്റെ, പ്രത്യേകിച്ച് സമൂഹത്തിലെ ദരിദ്ര ജനവിഭാഗങ്ങളുടെ താത്പര്യങ്ങൾകൂടി കണക്കിലെടുത്ത് ഒരു സമന്വയപരമായ കാഴ്ചപ്പാട് സ്വീകരിക്കാനാണ് സമിതിയോട് നിർദ്ദേശിച്ചത്. പരിസ്ഥിതിയെയും ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വളർച്ചയും സുസ്ഥിര വികസനവും സംരക്ഷിച്ചുകൊണ്ടും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുമുള്ള സമീപനം സ്വീകരിക്കാനും സമിതിയോട് ആവശ്യപ്പെട്ടു.

2. ഉന്നതതല വർക്കിംഗ് ഗ്രൂപ്പ് 2013 ഏപ്രിൽ 15 ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കുകയും ഇത് പൊതുജനങ്ങൾക്ക് പ്രാപ്തമാകുംവിധം മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തു. ഇത് സംബന്ധിച്ച അഭിപ്രായങ്ങൾക്കായി റിപ്പോർട്ടിന്റെ പരിധിയിൽ വരുന്ന ആറ് സംസ്ഥാനങ്ങൾക്ക് ഈ റിപ്പോർട്ടിന്റെ പകർപ്പ് നൽകി. കൂടാതെ പശ്ചിമഘട്ടവുമായി ബന്ധപ്പെട്ടുവരുന്ന വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും മറ്റും റിപ്പോർട്ടിന്മേൽ അഭിപ്രായങ്ങൾ ക്ഷണിച്ചു. ഇത്തരത്തിലുള്ള സുതാര്യമായ നടപടികൾ പൂർത്തിയാക്കിയ ശേഷം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, റിപ്പോർട്ട് സംബന്ധിച്ച് താഴെക്കൊടുത്തിരിക്കുന്ന വിധത്തിലുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തി:

   കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം താഴെപ്പറയുന്നവയ്ക്കു വിധേയമായി ഉന്നതതല സമിതി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചു.

   (i) പശ്ചിമഘട്ടത്തിന്റെ വ്യാപ്തി സംബന്ധിച്ച ഉന്നതതല സമിതിയുടെ നിർവചനം അംഗീകരിച്ചു.

   (ii) പരിസ്ഥിതിമൃദുല പ്രദേശങ്ങളെ കണ്ടെത്തിയതും അവയുടെ അതിർത്തി നിർണയിച്ചതും അംഗീകരിച്ചു.

   (iii) പശ്ചിമഘട്ടത്തിലെ 37 ശതമാനം പ്രദേശമാണ് പശ്ചിമഘട്ട ഉന്നതതല സമിതി പരിസ്ഥിതിമൃദുലമായി കണ്ടെത്തിയിട്ടുള്ളത്. ഈ ഭാഗം പശ്ചിമഘട്ടത്തിലെ പ്രകൃതി ഭൂഭാഗത്തിന്റെ 60,000 ചതുരശ്രകിലോമീറ്റർ പ്രദേശത്തെ ഉൾക്കൊള്ളുന്നുണ്ട്. 1,500 കിലോമീറ്റർ നീളത്തിൽ തുടർച്ചയായി വ്യാപിച്ചിരിക്കുന്ന പ്രകൃത്യാലുള്ള സസ്യാവരണമാണിത്. പശ്ചിമഘട്ടത്തിലെ പരിസ്ഥിതി മൃദുല പ്രദേശങ്ങൾ ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണാടക, കേരളം, തമിഴ്നാട് എന്നിങ്ങനെ 6 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. സംരക്ഷിത പ്രദേശങ്ങൾ, ലോകപൈതൃക കേന്ദ്രങ്ങൾ എന്നിവയും പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ ഉൾപ്പെടുന്നു.

   (iv) പരിസ്ഥിതിമൃദുല പ്രദേശങ്ങളിൽ ഖനനം, പാറഖനനം, മണൽഖനനം, താപോർജ നിലയങ്ങൾ, റെഡ് കാറ്റഗറി വ്യവസായങ്ങൾ എന്നിവ പൂർണമായി നിരോധിക്കാനുള്ള ഉന്നതതല സമിതിയുടെ ശുപാർശയും അംഗീകരിച്ചിരിക്കുന്നു.

   (v) താരതമ്യേന മലിനീകരണം കുറഞ്ഞ ഊർജ്ജസ്രോതസ്സായ ജലവൈദ്യുതിയുടെ ഉൽപ്പാദനം കർശനമായ നിബന്ധനകൾക്ക് വിധേയമായി പരിസ്ഥിതിമൃദുല പ്രദേശങ്ങളിൽ നടപ്പാക്കാമെന്ന ഉന്നതതല സമിതിയുടെ ശുപാർശ അംഗീകരിച്ചു.

   (vi) ബാധകമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കാറ്റിൽ നിന്നുള്ള ഊർജ്ജോൽപ്പാദനവും പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

(vii) ഉന്നതതല സമിതി റിപ്പോർട്ട് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയ 17.04.2013 എന്ന തീയതിക്ക് മുമ്പ് പരിസ്ഥിതി വനം മന്ത്രാലയം, എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി/ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം / സ്റ്റേറ്റ് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി/ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി എന്നിവയിൽ ലഭിച്ചിട്ടുള്ളതോ നടപടികൾ പൂർത്തിയാക്കാത്തവയോ ആയവ ഒഴിച്ചുള്ള താഴെപ്പറയുന്ന പുതിയതോ / നിലവിലുള്ളവയുടെയോ വിപുലീകരണമോ ആയ പ്രോജക്ട്/ പ്രവർത്തനങ്ങൾ നിരോധിക്കപ്പെടും. 17.04.2013 ന് മുമ്പ് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി/ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം / സ്റ്റേറ്റ് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി/ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി എന്നിവയുടെ മുന്നിൽ ലഭിച്ച അപേക്ഷകൾ അപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങളും നിയമങ്ങളും അനുസരിച്ചായിരിക്കും പരിഗണിക്കപ്പെടുന്നത്.

(a) ഖനനം, പാറഖനനം, മണൽഖനനം

(b) താപോർജ്ജ നിലയങ്ങൾ

(c) 20,000 ചതുരശ്ര മീറ്ററും അതിലേറെയും വിസ്താരമുള്ള കെട്ടിടങ്ങളോ നിർമ്മാണ പ്രവർത്തനങ്ങളോ

(d) 50 ഹെക്ടറും അതിലേറെയും/1,50,000 ച. മീറ്ററും അതിലേറെയും നിർമ്മാണ വിസ്താരമുള്ള ടൗൺഷിപ്പുകളും വികസനപദ്ധതികളും

(e) റെഡ് കാറ്റഗറി വ്യവസായങ്ങൾ

(viii) പരിസ്ഥിതി മൃദുല പ്രദേശങ്ങളിൽ പ്രത്യേകമായി നിരോധിച്ചിട്ടില്ലാത്ത പദ്ധതികൾ /പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് അവമൂലം കൂടുതലാകുന്ന ആഘാതങ്ങളും വികസന ആവശ്യങ്ങളും കണക്കിലെടുത്തായിരിക്കണം പാരിസ്ഥിതി അനുമതി നൽകുന്നത്.

(ix) വന അവകാശ നിയമം അതിന്റെ തത്വത്തിലും ആശയത്തിലും പൂർണമായും നടപ്പിലാക്കേണ്ടതാണ്. പരിസ്ഥിതി മൃദുല പ്രദേശങ്ങളിലെ പദ്ധതികൾക്ക് ഗ്രാമസഭയുടെ അനുമതി വേണമെന്ന വിദഗ്ധ സമിതിയുടെ ശുപാർശ നിയമവിധേയമായിരിക്കും.

3. പരിസ്ഥിതി മൃദുല പ്രദേശങ്ങളുടെ അതിർത്തിയും ഇത് സംബന്ധിച്ച ഭരണ സംവിധാനവും ഈ കരട് നോട്ടിഫിക്കേഷൻ പൊതുജനമധ്യത്തിൽ അവതരിപ്പിച്ച് ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായങ്ങൾക്കും കാഴ്ചപ്പാടുകൾക്കും വിധേയമായി അന്തിമമായി രൂപപ്പെടുത്തും.
4. മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള സിന്ധുദുർഗ, രത്നഗിരി ജില്ലകളിലെ നല്ലൊരു ഭാഗവും ഈ വിദഗ്ധ സമിതിയുടെ അനുമാനമനുസരിച്ച് പശ്ചിമഘട്ടത്തിന്റെ നിർവ്വചനത്തിന് പുറത്ത് വരുന്നതിനാൽ ഈ മോറട്ടോറിയം നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി എടുത്തുമാറ്റുന്നതിന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്.
5. പശ്ചിമഘട്ടത്തിൽ പരിസ്ഥിതി സൗഹൃദവികസനത്തിനുള്ള ധനസഹായം, പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ പ്രാദേശിക സമൂഹത്തിന്റെ പ്രാതിനിധ്യം, പശ്ചിമ ഘട്ടത്തിനായി ഒരു Decision support and monitoring centre ഉൾപ്പെടെയുള്ള ഡാറ്റാ മോണിറ്ററിംഗ് സംവിധാനങ്ങളുടെ രൂപീകരണം തുടങ്ങിയ സമിതിയുടെ മറ്റ് ശുപാർശകളും സ്വീകരിച്ചിരിക്കുന്നു.
6. ഉന്നതതല സമിതി റിപ്പോർട്ട് പരിസ്ഥിതി വനം മന്ത്രാലയം തത്വത്തിൽ അംഗീകരിച്ചതിന്റെ തുടർച്ചയായി ഈ ശുപാർശകൾ പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിടുന്നതാണ്. വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചതു പ്രകാരമുള്ള പശ്ചിമഘട്ടത്തിലെ പരിസ്ഥിതി മൃദുല പ്രദേശങ്ങൾ സംബന്ധിച്ച കരട് പ്രഖ്യാപനം ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾക്കായി മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ഇടുന്നതാണ്. ഉന്നതതല സമിതിയുടെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി പരിസ്ഥിതി വനം മന്ത്രാലയം ഉന്നതതല കമ്മിറ്റിക്ക് രൂപം നൽകുന്നതാണ്.

ഇതേ നമ്പറിൽ ഈ വിഷയത്തിൽ 19.10.2013 ൽ ഇറങ്ങിയ ഓഫീസ് മെമ്മോറാണ്ടം പിൻവലിക്കുന്നു.

ഉത്തരവാദിത്തപ്പെട്ട അധികാരിയുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കപ്പെടുന്നത്.

ഒപ്പ്
ഡോ. അമിത് ലൗ
ഡെപ്യൂട്ടി ഡയറക്ടർ

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

പള്ളിമുക്ക്, പേട്ട പി.ഒ, തിരുവനന്തപുരം - 695 024

ഫോൺ നം. 0471-2740 240, ഫാക്സ് - 0471-2740234

ഇമെയിൽ: keralabiodiversity@gmail.com

വെബ്സൈറ്റ്: www.keralabiodiversity.org